(ബി) പ്രസ്തുത ഐ.ടി.സി.-യിൽ ഇപ്പോൾ പ്ലമ്പിംഗ് ട്രേഡ് മാത്രമേ നിലവിലുള്ളൂ. പുതിയതായി കമ്പ്യൂട്ടർ ട്രേഡ് തുടങ്ങാൻ ഉദ്ദേശ്യമുണ്ട്. നിലവിൽ എൻ.സി.വി.ടി. നോംസ് പ്രകാരമുള്ള സ്ഥലസൗകര്യമില്ല. സ്ഥലസൗകര്യം ഉണ്ടാക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

കുന്ദമംഗലം ട്രൈബൽ ഹോസ്റ്റലിന്റെ ശോചനീയാവസ്ഥ

142 [305] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് സി.ഡബ്ല്യൂ.ആർ.ഡി.എം. ക്വാർട്ടേഴ്സിൽ പ്രവർത്തിക്കുന്ന ട്രൈബൽ ഹോസ്റ്റലിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ സ്വന്തമായി കെട്ടിടം ഉണ്ടാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനുവേണ്ടി എവിടെയെങ്കിലും പുറമ്പോക്കുഭൂമി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥലം വിട്ടുകിട്ടുന്നതിനുവേണ്ടി കൈക്കൊണ്ട നടപടി വിശദീകരിക്കാമോ;

(ഇ) നിയുക്ത സ്ഥലത്ത് എന്നത്തേക്ക് കെട്ടിടം പണിയാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(എഫ്) സംസ്ഥാനത്ത് എത്ര ട്രൈബൽ ഹോസ്റ്റലുകൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ഉണ്ട്.

(ഡി) കോഴിക്കോട് ജില്ലയിൽ കുന്ദമംഗലം വില്ലേജിൽ 390-ൽ 5 എ 2 എന്ന സർവ്വേ നമ്പരിൽ സ്ഥിതി ചെയ്യുന്ന പൊതുമരാമത്ത് വകുപ്പ് വക ഒരേക്കർ സ്ഥലം വിട്ടുതരുന്നതിനായി (കെട്ടിട വിഭാഗം) ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) സ്ഥലം വിട്ടുകിട്ടുന്ന മുറയ്ക്ക് കെട്ടിടം പണി ആരംഭിക്കും.

(എഫ്) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 33 പ്രീമെട്രിക് ഹോസ്റ്റലുകളും ഒരു പോസ്റ്റുമെട്രിക് ഹോസ്റ്റലും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly